**Chandrika 04.02.2025**

ചന്ദ്രിക

# ഐസിഎആർ സിഫ്റ്റ് ബോധവൽക്കരണ ശിൽപശാല

കൊച്ചി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് സമുദ്രവിഭവ സംസ്കരണം, പാക്കേജിംഗ്, മത്സ്യ മാലിന്യ സംസ്കരണം, മത്സ്യസംസ്കരണത്തിന് ഉപയോഗിക്കുന്ന മെഷിനറികൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ശിൽപശാല സിഫ്റ്റിൽ സംഘടിപ്പിച്ചു. സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷനായ കുടുംബശ്രീയിലെ കോർഡിനേറ്റർമാർക്കാണ് ശിൽപശാല സംഘടിപ്പിച്ചത്. സിഫ്റ്റ് ഡയറക്ടർ ഡോ.ജോർജ് നൈനാൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. യു.പാർവതി, ഡോ.രമ്യ എസ്, ഡോ.ബിൻസി പി.കെ, ഡോ.മുരളി എസ്, എസ്.ശ്രീജിത്ത് എന്നിവർ സെഷനുകൾ നയിച്ചു. സംസ്ഥാന പ്രോഗ്രാം മാനേജർമാർ ഉൾപ്പെടെ 45 പേർ ശിൽപശാലയിൽ പങ്കെടുത്തു.

Kochi Edition
Feb 4, 2025 Page No. 2